ഒളവണ്ണയിൽ കന്യാസ്ത്രീകൾക്കെതിരെ നടന്ന അതിക്രമം

35 [809] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ കന്യാസ്ത്രീകൾക്കെതിരെ നടന്ന അതിക്രമം സംബന്ധിച്ച് എത്രപേർക്കെതിരെ കേസ് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇനി എത്രപേരെ ഈ കേസ് സംബന്ധിച്ച് അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ടെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 3 കേസുകളിലായി 22 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(ബി) 14 പ്രതികളെ അറസ്റ്റ് ചെയ്തു. ഒരാൾ കോടതി മുമ്പാകെ കീഴടങ്ങി. ഇനി 2 പേരെ അറസ്റ്റ് ചെയ്യാനുണ്ട്.

റോഡപകടങ്ങൾ

36 [810] ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. സ്റ്റീഫൻ ജോർജ് :

,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

റോഡപകടത്തിന് കാരണക്കാരാകുന്ന ഡ്രൈവർമാരുടെ പേരിൽ നരഹത്യയ്ക്ക് കേസെടുക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

റോഡപകടത്തിന് കാരണക്കാരാകുന്ന ഡ്രൈവർമാർ എല്ലാം നരഹത്യാ വകുപ്പിൽ വരുന്നില്ല. ഇൻഡ്യൻ ശിക്ഷാനിയമം 304 വകുപ്പ് അനുശാസിക്കുന്ന തരത്തിൽ വരുന്ന കുറ്റം ചെയ്യുന്ന ഡ്രൈവർമാർക്കെതിരെ നരഹത്യയ്ക്ക് കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ എടുത്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly